മുൻ സർക്കാരിന്റെ കാലത്ത് ഓരോവർഷവും നൽകിയ നിയമന ശിപാർശയുടെ എണ്ണം ചുവടെ ചേർക്കുന്നു :

2006 (w.e.f 18-5-2006)	13959
2007	23136
2008	25762
2009	43262
2010	44272
2011(up to 17.05.2011)	15017
ആകെ	1,65,408

പി.എസ്.സി.യിലെ സാമ്പത്തിക അച്ചടക്കം

40 (45) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് ഫീസ് ഏർപ്പെടുത്തുന്നത് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പഠനവിഷയമായി നിശ്ചയിച്ചുനൽകിയിട്ടുള്ളത് ;

(സി) പി.എസ്.സി. സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സർക്കാരിന് ഇടപെടുന്നതിൽ സർക്കാരിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം ; ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly